## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3642. 23.06.2014 ൽ മറുപടിയ്ക്ക്.

<u>അമിത പിഴ ഈടാക്കുന്നത് ആവർത്തിക്കാതിരിക്കാനുള്ള നിർദ്ദേശം</u>

| ചോദ്യം<br>ശ്രീ. സി. മമ്മൂട്ടി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>( വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ശാരീരിക ബുദ്ധിമുട്ടുള്ളവർക്കായാലും ഹെൽമറ്റ് ധരിക്കാതിരുന്നാൽ അമിതപിഴ ഈടാക്കണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ ; | (എ) | നിർദ്ദേശം നല്കിയിട്ടില്ല. |
| (ബി) | ഇല്ലെങ്കിൽ തലസ്ഥാനത്ത് ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ ഒരു സാധാരണക്കാരനിൽനിന്ന് എം.വി.ഐ. പത്തിരട്ടി പിഴ ഈടാക്കിയ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (സി) | ഇക്കാര്യത്തിൽ പിഴ നൽകേണ്ടി വന്നയാളുടെ പരാതി പ്രകാരം ലോകായുക്ത ഇടപെട്ട് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ; | (സി) | ഉണ്ട്. കംപ്ലയിന്റ് നം. 1241/13 ൽ ലോകായുക്ത പുറപ്പെടുവിച്ചിട്ടുള്ള വിധി പ്രകാരം 100/- രൂപ പിഴയടച്ച് ലൈസൻസ് തിരികെ നൽകാൻ ഉത്തരവ് നൽകിയിട്ടുണ്ട്. |
| (ഡി) | നിസ്സാര വീഴ്ചകളുണ്ടാകുമ്പോൾ ഗുരുതര കുറ്റങ്ങൾക്കുള്ള വകുപ്പുകൾ ചേർത്ത് അധിക ശിക്ഷ നൽകുന്ന പ്രവണത ആവർത്തിക്കാതിരിക്കാൻ നിർദ്ദേശം നൽകുമോ ? | (ഡി) | നിർദ്ദേശം നല്കിയിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ.